വിട്ടയയ്ക്കണമെന്നു കേന്ദ്രഗവൺമെൻറു പ്രഖ്യാപിച്ചിട്ടുണ്ട്. നക്സലൈറ്റു പ്രവർത്തനം കൂടുതൽ ഉണ്ടാകാനിടയില്ലെന്നു ഗവൺമെൻറ് പ്രസ്താവിച്ചു. ആ സ്ഥിതിക്ക് പ്രത്യേക കെട്ടിടം എന്തിനാണ്?

ശ്രീ. കെ.എം. മാണി: കെട്ടിടം പണിയും ഈ പ്രസ്താവനയും തമ്മിൽ ബന്ധപ്പെടുത്തി ഉത്തരംപറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. പി.ആർ. കുറുപ്പ്: നക്സലൈറ്റ് തടവുകാർക്ക് പ്രത്യേകം കെട്ടിടം എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ.എം. മാണി: അതുണ്ട്. സംവിധാനം ആവശ്യമാണ്.

## ഉദ്യോഗനിയമനങ്ങൾക്കുള്ള പ്രായപരിധി

* 552 [587] ശ്രീ. എ.വി. താമരാക്ഷൻ:

,, കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗനിയമനങ്ങൾക്കുള്ള പ്രായപരിധി അവസാനമായി എന്നു മുതലാണ് ഉയർത്തിയത്;

(ബി) ഗവൺമെൻറ് ഉടമയിലുള്ള ഏതെങ്കിലും കമ്പനികളോ കോർപ്പറേഷനുകളോ പ്രസ്തുത തീരുമാനം നടപ്പാക്കാതെയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) പിന്നോക്കസമുദായങ്ങൾക്കുള്ള വയസ്സിളവോ, ജാതി സംവരണമോ ഗവൺമെൻറ് കമ്പനികളിലും, കോർപ്പറേഷനുകളിലും നടപ്പാക്കാതിരിക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കർശനമായി ഇവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻനായർ): സർ,

(എ) സർക്കാർ സർവീസിനെ സംബന്ധിച്ചിടത്തോളം 23.8.1978.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അത്തരത്തിൽ ഒരു പരാതി ലഭിച്ചിരുന്നു.

(ഡി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കമ്പനികൾക്കും കോർപ്പറേഷനുകൾക്കും വേണ്ട നിർദ്ദേശം ഇക്കാര്യത്തിൽ നൽകിയിട്ടുണ്ട്.

ശ്രീ. എ.വി. താമരാക്ഷൻ: പല ഗവൺമെൻറു കമ്പനികളും ഇലക്ട്രിസിറ്റി ബോർഡുപോലുള്ള സ്ഥാപനങ്ങളും കോർപ്പറേഷനുകളും ഇപ്പോഴും ഗവൺമെൻറു പ്രഖ്യാപിച്ചിരിക്കുന്ന വയസ്സിളവ് അംഗീകരിക്കുന്നില്ലെന്നുള്ളതു കണക്കിലെടുത്തുകൊണ്ട് കർശനമായും എല്ലാ കമ്പനികളിലും കോർപ്പറേഷനുകളിലും അടിയന്തിരമായും ഇതു നടപ്പിൽ വരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: അംഗീകരിക്കുന്നില്ല എന്ന നിലപാട് ആരും സ്വീകരിച്ചിട്ടില്ല. ഗവൺമെൻറ് ഇതുസംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ആവർത്തിച്ച് എല്ലാ കോർപ്പറേഷനുകൾക്കും കമ്പനികൾക്കും നൽകിയിട്ടുണ്ട്. പല കമ്പനികളും അംഗീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. മറ്റുള്ളവ ഉടനെ അംഗീകരിക്കും. ഡയറക്ടർ ബോർഡ് യോഗംകൂടി അംഗീകരിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഇള്ളു ഉടനെതന്നെ എല്ലാ കോർപ്പറേഷനുകളും കമ്പനികളും അംഗീകരിക്കുമെന്നാണു വിശ്വസിക്കുന്നത്.

ശ്രീ. കല്ലട നാരായണൻ: പല കോർപ്പറേഷനുകളിലും കമ്പനികളിലും ഉദ്യോഗത്തിൽ പിന്നോക്കസമുദായങ്ങൾക്കുള്ള സംവരണം നടപ്പിലാക്കുന്നില്ല. ചൂണ്ടിക്കാണിച്ചാൽ ഇതു പരിഹരിക്കാൻ സത്വരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻനായർ: ഗവൺമെൻറുകമ്പനികളിലെയും കോർപ്പറേഷനുകളിലെയും നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷനു വിട്ടുകൊടുക്കണമെന്നുള്ളതാണ് ഗവൺമെൻറിൻെറ പൊതുവായ നയം. ഓരോ കമ്പനിയേയും സംബന്ധിച്ച തീരുമാനം ക്യാബിനറ്റ് എടുത്തുകൊണ്ടിരിക്കുകയായിരുന്നു. അപൂർവ്വം കമ്പനികൾ മാത്രമാണ് പബ്ലിക് സർവീസ് കമ്മീഷനുവിട്ടുകൊടുക്കാൻ ബാക്കിയുള്ളത്. അതുകൂടി വിട്ടുകൊടുക്കുന്നതാണ്.

ശ്രീ. ഒ. ലൂക്കോസ്: പ്രായപരിധി ഉയർത്തിക്കൊണ്ട് ഉത്തരവായെങ്കിലും സഹകരണസ്ഥാപനങ്ങൾ 32 വയസ്സ് എന്നുള്ളതിൽ ഉറച്ചുനിൽക്കുകയാണ്. ഇതുനിമിത്തം പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപെട്ടവർക്കുപോലും സഹകരണസ്ഥാപനങ്ങളിൽ നിയമനം കിട്ടുന്നില്ല. സഹകരണസ്ഥാപനങ്ങളിൽക്കൂടി ഈ തീരുമാനം ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: സഹകരണസ്ഥാപനങ്ങൾക്ക് ഈ തീരുമാനം ബാധകമാക്കാൻ ഗവൺമെൻറിന് ഇപ്പോഴും കഴിയുമോ എന്നു പരിശോധിക്കാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ.ജെ. ചാക്കോ: ഉദ്യോഗനിയമനത്തിനുള്ള പ്രായപരിധി ഉയർത്തിയതിനെത്തുടർന്ന് നിരവധി ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ കെട്ടിക്കിടക്കുന്നതു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഇത് സ്റ്റാഫിൻെറ അപര്യാപ്തമൂലമാണെന്നുള്ളതുകൊണ്ട് കൂടുതൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: സജീവമായ പരിഗണനയിലാണ്. ഉടനെ നടപടിയെടുക്കും.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: സംവരണതത്വവും അതനുസരിച്ചുള്ള നിർദ്ദേശങ്ങളും പല സ്ഥാപനങ്ങളും പാലിക്കുന്നില്ലെന്നുള്ള പരാതികൾ നേരത്തെതന്നെ ഉണ്ട്. ഇത് ശരിയായി പാലിക്കാനുള്ള സംവിധാനമുണ്ടാക്കുമോ? അങ്ങനെ പാലിക്കുമ്പോൾ, ഉത്തരവു കൊടുത്തശേഷമുള്ള കാലയളവിൽ കിട്ടേണ്ടിയിരുന്ന പ്രാതിനിധ്യംകൂടി കിട്ടത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: ഈ ചോദ്യം പ്രായപരിധിയെ സംബന്ധിച്ചുള്ളതാണ്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ജാതിസംവരണം കൂടിയുണ്ട്, 'സി' യിൽ.

ശ്രീ. പി.കെ. വാസുദേവൻനായർ: ഈ രണ്ടു കാര്യത്തെ സംബന്ധിച്ചും കമ്പനികൾ ഈ നയങ്ങൾ അംഗീകരിക്കുന്നുണ്ടോ നടപ്പാക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ടോ എന്നു ഗവൺമെൻറു കൂടെക്കൂടെ പരിശോധിക്കും. പരാതികൾ അപ്പോഴപ്പോൾ നോക്കി നടപടികളെടുക്കാൻ ആവശ്യമായ ഏർപ്പാടുകൾ ഉണ്ട്. അതു നടക്കുന്നുണ്ട്. മുൻകാലപ്രാബല്യത്തോടുകൂടി പരിഹരിക്കാൻ ബുദ്ധിമുട്ടാണ്. ഇപ്പോഴുണ്ടാകുന്ന പരാതികൾ അപ്പോഴപ്പോൾ പരിഹരിക്കാൻ നടപടിയെടുക്കുകയാണ്.

ശ്രീ. എസ്. ത്യാഗരാജൻ: പ്രായപരിധി വർദ്ധിപ്പിച്ചതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുമ്പോൾ പി. എസ്. സി.യുടെ നിലവിലുള്ള ലിസ്റ്റുകൾക്ക് ഈ പ്രായപരിധി ബാധകമാക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: നിലവിലുള്ള ലിസ്റ്റുകൾക്കു ബാധകമാക്കാൻ സാധിക്കുകയില്ല.

ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി: പിന്നോക്ക സമുദായങ്ങളുടെ പ്രായപരിധി ഉയർത്തിയതിനെ സംബന്ധിച്ച് അതാതു കമ്പനികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നു പറയുകയുണ്ടായി. അതിന് ഒരു സമയപരിധി നിശ്ചയിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: ആ കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ: ഗവൺമെൻറ് ഓൺഡ് കമ്പനികളുടെ ആർട്ടിക്കിൾസ് ആഫ് അസോസിയേഷനിൽത്തന്നെ ഒരു നിയമന വ്യവസ്ഥ കാണും, ഗവൺമെൻറ് അതാതു കാലങ്ങളിൽ കൊടുക്കുന്ന ഡയറക്ഷൻസ് ബൈൻഡിംഗാണെന്ന് ഗവൺമെൻറ് പൊതുവായ നിർദ്ദേശം കൊടുത്താൽ ഡയറക്ടർബോർഡുകൂടി തീരുമാനമെടുക്കണമെന്നു പറയുന്നത് എന്തു അടിസ്ഥാനത്തിലാണ്? ഗവൺമെൻറിന്റെ ഡയറക്ഷൻസ് ബൈൻഡിംഗായിരിക്കേ അതു ലംഘിക്കുന്നവരുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: ഗവൺമെൻറിന്റെ പൊതുനയം തീർച്ചയായും ഈ കമ്പനികൾക്ക് ബാധകമാണ്. ആ വിധത്തിലുള്ള നടപടിക്രമമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആർട്ടിക്കിൾസ് ആഫ് അസോസിയേഷൻ അനുസരിച്ചുള്ള ചില നടപടിക്രമങ്ങളുണ്ട്.

ശ്രീ. ചടയൻ ഗോവിന്ദൻ: നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കുകയാണ്. ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിക്കുള്ളിൽ ഇന്നുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുക്കാൻ സാദ്ധ്യമല്ലെന്നുള്ളത് വ്യക്തമായിരിക്കുകയാണ്. ആ പരിതഃസ്ഥിതിയിൽ ഈ പ്രായപരിധി എടുത്തുകളയുന്നതിന് തയ്യാറാകുമോ?

ശ്രീ. പി.കെ. വാസുദേവൻനായർ: എന്തെങ്കിലും ഒരു പ്രായപരിധിയില്ലെങ്കിൽ ഉദ്യോഗം കിട്ടിക്കഴിഞ്ഞാൽ മിനിമം ഒരു പത്തുകൊല്ലമെങ്കിലും സർവ്വീസിലില്ലെങ്കിൽ പെൻഷൻ ആനുകൂല്യം കിട്ടിയില്ല എന്നു വരും. അതുകൊണ്ട് അതുകൂടി ഇതിൽ പരിഗണിക്കേണ്ടതുണ്ട്.

ശ്രീ. പി. ശങ്കർ: റിട്ടയർ ചെയ്തുകഴിഞ്ഞാൽ പിന്നെ അവരെ എവിടേയും നിയമിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഗവൺമെൻറിനില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ റിട്ടയർചെയ്ത ഡ്രൈവർമാരെ വീണ്ടും നിയമിക്കുന്നതായി പത്രത്തിൽ കണ്ടു. അതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻനായർ: അപൂർവ്വമായി എവിടെയെങ്കിലും റിട്ടയർ ചെയ്തതിനുശേഷം ആരെയെങ്കിലും വച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. ഉണ്ടായിരിക്കാം. പൊതുനയം അതിനെതിരാണ്.

ശ്രീ. പി.പി. എസ്തോസ്: 23.8.1978 ലാണ് ഈ പ്രായപരിധി ഉയർത്തിയിരിക്കുന്നത്. ഈ കാലയളവിനുള്ളിൽ ഈ നിയമം നടപ്പാക്കാത്തതിന്റെ ഫലമായി നൂറുകണക്കിന് ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാനുള്ള സന്ദർഭം നഷ്ടപ്പെട്ടിട്ടില്ലേ? ഗവൺമെന്റു കമ്പനികളിലും കോർപ്പറേഷനുകളിലും സൊസൈറ്റികളിലും അടക്കം ഇത് അംഗീകരിക്കാത്തതിന്റെ ഫലമായി നിരവധി ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാൻ കഴിയാതെ വന്നിട്ടില്ലേ? അവരെ എങ്ങനെ സഹായിക്കാൻ കഴിയും ഈ കാര്യം പരിഗണിക്കുമോ?

ശ്രീ. പി.കെ. വാസുദേവൻ നായർ: 42 കമ്പനികളിൽ 24 കമ്പനികളും മാത്രമായിരുന്നു ഇതേസംബന്ധിച്ച് ഡയറക്ടർ ബോർഡ് തീരുമാനമെടുക്കാൻ ബാക്കിയുണ്ടായിരുന്നത്. 6.2.1979ൽ വീണ്ടും ഒരു സർക്കുലർ അയക്കുന്ന സമയത്തുള്ള വിവരമാണ്. അതുകൊണ്ട് എല്ലായിടത്തേയും സ്ഥിതിയിൽ മാറ്റം വന്നിട്ടില്ല എന്നുള്ളതു തെറ്റാണ്. സാധാരണ കമ്പനികളിൽ ഈ മാറ്റം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അല്പാത്ത കമ്പനികളിൽ നഷ്ടപ്പെട്ടുപോയ ഈ അവസരം ഇനി വീണ്ടെടുത്തുകൊടുക്കാൻ സാധിക്കുകയില്ല. ഭാവിയെ സംബന്ധിച്ച് ഉറപ്പുവരുത്താൻ കഴിയും.

## എൻ.ഒ.സി. തട്ടിപ്പ് തടയുന്നതിനുള്ള മുൻകരുതലുകൾ

* 553 [588] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഒ.സി. തട്ടിപ്പ് തടയുന്നതിനുവേണ്ട മുൻകരുതലുകൾ കൈക്കൊള്ളാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) എൻ.ഒ.സി. തട്ടിപ്പുകാരുടെ ഒരു സ്ഥിരം ലിസ്റ്റ് തയ്യാറാക്കി അവരെ സൂക്ഷ്മനിരീക്ഷണം നടത്താൻ പോലീസിന് നിർദ്ദേശം കൊടുക്കുമോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):

(എ) എൻ.ഒ.സി. തട്ടിപ്പു സംബന്ധിച്ചുള്ള പരാതികളോ വിവരങ്ങളോ ലഭിച്ചാൽ ഉടൻതന്നെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് പോലീസിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എൻ.ഒ.സി. തട്ടിപ്പുകാരുടെ ലിസ്റ്റ് തയ്യാറാക്കാവുന്നതാണ്. സൂക്ഷ്മ നിരീക്ഷണം നടത്താൻ ഇപ്പോൾത്തന്നെ നിർദ്ദേശമുണ്ട്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: എൻ.ഒ.സി. തട്ടിപ്പിന്റെ പേരിൽ കേരളത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? അങ്ങനെ രജിസ്റ്റർ ചെയ്ത കേസുകളിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ.എം. മാണി: 1.4.1977 മുതൽ 31.12.1978 വരെ 160 എൻ.ഒ.സി. തട്ടിപ്പുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly